LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. പദ്ധതി

36(2889) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്യാൻ സാധിക്കാനാകാത്ത സാഹചര്യമുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2015-16-ലെ ആർ.എം.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ 94 ഹെഡ്മാസ്റ്റർമാർക്കും 561 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് എം.എച്ച്. ആർ.ഡി.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇവർക്ക് യഥാസമയം ശമ്പളം നൽകിവരുന്നുണ്ട്. ഇതിനുപുറമേ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് ശമ്പളം ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ എം.എച്ച്.ആർ.ഡി. അംഗീകാരം ലഭിച്ച തസ്തികകൾക്കുപരിയായി അധിക തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കുള്ള ശമ്പളം സംസ്ഥാന സർക്കാർ ഫണ്ടിൽനിന്നും നൽകുന്നതിനു വേണ്ടി പ്രസ്തുത സ്കൂളുകളെ മറ്റു സർക്കാർ സ്കൂളുകളെപ്പോലെ പരിഗണിച്ച് ഇവരുടെ ശമ്പളം 'SPARK' സംവിധാനത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ആർ.എം.എസ്.എ. സ്കൂളുകൾ

37(2890) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ വലിയ പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിജസ്ഥിതി എന്തെന്നും കൈക്കൊണ്ട പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ചുള്ളള്ള കണക്കുനൽകുമോ; ഓരോ സ്കൂളിലെയും അദ്ധ്യാപകരുടെയും കുട്ടികളുടെയും എണ്ണം തരം തിരിച്ച് നൽകുമോ;

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ ജോലിചെയ്യുന്ന അധ്യാപകർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ നിലവിലുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;ഏതെല്ലാം സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്ക് വീതമാണ് ശമ്പള കുടിശ്ശിക ഉള്ളത് എന്ന മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ശമ്പള കുടിശ്ശിക എപ്പോഴാണ കൊടുത്തു തീർക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ എം.എച്ച്.ആർ.ഡി. അംഗീകാരം ലഭിച്ച തസ്തികകൾക്കുപരിയായി അധിക തസ്തികകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇവർക്ക് സർക്കാർ ഫണ്ടിൽനിന്നും ശമ്പളം നൽകുന്നതിനുവേണ്ടി പ്രസ്തുത സ്കൂളുകളെ മറ്റു സർക്കാർ സ്കൂളുകളെപ്പോലെ പരിഗണിച്ച് ഇവരുടെ ശമ്പളം 'SPARK' സംവിധാനത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നാംഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആർ.എം.എസ്.എ. വഴി ഫണ്ട് നൽകിയിട്ടുള്ളതും അതാത് ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ നേതൃത്വത്തിൽ ആയതു പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു. രണ്ടാംഘട്ടത്തിലും മൂന്നാം ഘട്ടത്തിലുമായി അപ്ഗ്രേഡ് ചെയ്ത യഥാക്രമം 36, 16 എന്നീ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം സംസ്ഥാനത്ത് 110 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളുടെ ജില്ലതിരിച്ചുള്ള കണക്ക് അദ്ധ്യാപകരുടെയും കുട്ടികളുടെയും എണ്ണം എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) 2015-16-ലെ ആർ.എം.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ 94 ഹെഡ്മാസ്റ്റർമാർക്കും 561 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇവർക്ക് യഥാസമയം ശമ്പളം നൽകിവരുന്നുണ്ട്. ഇതിനുപുറമേ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് ശമ്പളം ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശമ്പളം ലഭിക്കാത്ത അദ്ധ്യാപകരുടെ വിവരം (ബി) പിരിവിലെ അനുബന്ധത്തോടൊപ്പം ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly